## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1554
### 04.10.2016- ലെ മറുപടിക്ക്

### നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | ഉത്തരം<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും, കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) എം.എൽ.എ.മാരുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാഷണൽ ഹൈവേയിൽ ഉൾപ്പെട്ട ടൗണുകളുടെ നവീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള മൂലധന സ്വഭാവമുള്ള പ്രവൃത്തികൾക്കാണ് നിയോജക മണ്ഡലം - ആസ്തി വികസന പദ്ധതി മുഖേന തുക അനുവദിക്കുന്നത്. നാഷണൽ ഹൈവേയിൽ ഉൾപ്പെട്ട പ്രവൃത്തികൾ കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഉപയോഗപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. ആയതിനാൽ ഇത്തരം പ്രവൃത്തികൾ ആസ്തി വികസന പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുകയും പണി നടത്തുകയും ചെയ്ത N H 212 ലെ കുന്ദമംഗലം ടൗൺ നവീകരണ പ്രവൃത്തിയുടെ ബാക്കി ഭാഗം കൂടി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നിരസിച്ചിട്ടുണ്ടോ; | നിരസിച്ചിരുന്നു |
| (സി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | പിരിവ് (എ) യിൽ ലഭ്യമാക്കിയിരിക്കുന്ന മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ